കേരള സർക്കാർ

18 OCT 2019

സംഗ്രഹം

സാമൂഹ്യനീതിവകുപ്പ് - ആരോഗ്യ വകുപ്പിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയുടെ യോഗ്യതാ കോഴ്സിന് അംഗപരിമിതർക്ക്/ ഭിന്നശേഷിക്കാർക്ക് പ്രവേശനം അനുവദിക്കുന്നതു വരെ, അംഗപരിമിത ഉദ്യോഗാർത്ഥികൾക്കായി ഈ തസ്തികയിൽ ഒഴിവുകൾ മാറ്റി വയ്ക്കേണ്ടതില്ലായെന്ന് ഉത്തരവാകുന്നു

---

സാമൂഹ്യനീതി (ഡി) വകുപ്പ്

സ.ഉ(സാധാ)നം. 650/2019/സാ.നീ.വ തീയതി, തിരുവനന്തപുരം 12.10.2019

---

പരാമർശം:- 1. 29.6.2019 ലെ സ ഉ (സാ ധാ ) നം : 394/2019/സാ നീ വ , സ ഉ (സാ ധാ) നം : 389/2019/സാ നീ വ സർക്കാർ ഉത്തരവുകൾ

2. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ സമർപ്പിച്ച നിവേദനം

3. 30.9.2019 ലെ എക്സ്പർട്ട് കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ്

## ഉത്തരവ്

ആരോഗ്യ വകുപ്പിലെ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സിന് അംഗപരിമിത വിഭാഗം ഭിന്നശേഷിയുള്ള വിദ്യാർഥികൾക്ക് സംവരണം അനുവദിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ അംഗപരിമിത/ഭിന്നശേഷി സംവരണത്തിനായി മാറ്റി വച്ചിരിക്കുന്ന ഒഴിവുകൾ ജനറൽ വിഭാഗം ഉദ്യോഗാർഥികൾക്ക് മാറ്റി നൽകണമെന്ന് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ പരാമർശം 2 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

2. പരാമർശം 1 ലെ ഉത്തരവുകൾ പ്രകാരം ഭാരതീയ ചികിത്സ വകുപ്പിലെ ആയുർവേദ തെറാപ്പിസ്റ്റ്, ആയുർവേദ ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തികകളുടെ യോഗ്യത കോഴ്സിന് അംഗപരിമിത/ഭിന്നശേഷി വിഭാഗം വിദ്യാർത്ഥികൾക്ക് പ്രവേശനം ഇല്ലാത്തതിനാൽ. ടി തസ്തികകളിലെ അംഗപരിമിത/ഭിന്നശേഷി വിഭാഗങ്ങൾക്ക് അനുയോജ്യമായി കണ്ടെത്തിയിരുന്ന ഒഴിവുകൾ, ടി വിഭാഗങ്ങൾക്ക് കൂടി കോഴ്സിന് പ്രവേശനം ലഭിക്കുന്നത് വരെ അവർക്കായി ഒഴിവുകൾ മാറ്റി വയ്ക്കേണ്ടതില്ല എന്ന് കേരള പബ്ലിക് സർവീസ് കമ്മീഷനോട് നിർദേശിച്ചിട്ടുണ്ട്.

3. പരാമർശം 2 ലെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഇക്കാര്യം 30.09.2019 ന കൂടിയ എക്സ്പെർട്ട് കമ്മിറ്റി യോഗം വിശദമായി പരിശോധിച്ചു. ആരോഗ്യ വകുപ്പിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയുടെ യോഗ്യത കോഴ്സായ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സിനു അംഗപരിമിത/ഭിന്നശേഷി വിഭാഗങ്ങൾക്ക് സംവരണം അനുവദിക്കുന്നത് വരെ, ടി തസ്തികയുടെ റാങ്ക് ലിസ്റ്റിൽ അംഗപരിമിത/ഭിന്നശേഷി വിഭാഗം ഉദ്യോഗാർഥികൾക്കായി ഒഴിവുകൾ മാറ്റി വയ്ക്കേണ്ടതില്ലയെന്നും അത്തരത്തിൽ പൊതു വിഭാഗത്തിനായി മാറ്റി നൽകുന്ന ഒഴിവുകൾ ബാക് ലോഗ് ഒഴിവുകൾ ആയി പരിഗണിച്ച്, എപ്പോൾ അംഗപരിമിത/ഭിന്നശേഷി ഉദ്യോഗാർത്ഥികൾ ഉൾപ്പെടുന്ന റാങ്ക് ലിസ്റ്റ് തയ്യാറാകുന്നുവോ അപ്പോൾ അതിൽ നിന്നും നികത്തേണ്ടതാണെന്നും പി എസ് സി യ്ക്ക് നിർദേശം നൽകുവാനും 30.09.2019 ന കൂടിയ എക്സ്പെർട്ട് കമ്മിറ്റി യോഗം തീരുമാനിച്ചു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയുടെ യോഗ്യത കോഴ്സിലേയ്ക്ക് അംഗപരിമിതർക്കു/ഭിന്നശേഷിയുള്ളവർക്ക് പ്രവേശനം അനുവദിക്കുന്നത് വരെ അംഗപരിമിതർ/ ഭിന്നശേഷിക്കാർക്കായി ഒഴിവുകൾ മാറ്റി വയ്ക്കേണ്ടതില്ലായെന്നും അത്തരത്തിൽ പൊതു വിഭാഗത്തിനായി മാറ്റി നൽകുന്ന ഒഴിവുകൾ ബാക്ക് ലോഗ് ഒഴിവുകൾ ആയി മാറ്റി വയ്ക്കേണ്ടതും, ടി തസ്തികയുടെ യോഗ്യത കോഴ്സിന് അംഗപരിമിത/ഭിന്നശേഷി വിഭാഗം വിദ്യാർത്ഥികൾക്ക് പ്രവേശനം അനുവദിക്കുന്ന മുറയ്ക്ക് ടി ബാക്ക് ലോഗ് അംഗപരിമിത/ഭിന്നശേഷി ഉദ്യോഗാർത്ഥികൾ ഉൾപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നികത്തേണ്ടതാണെന്നും നിർദേശിച്ചു കൊണ്ട് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ബിജു പ്രഭാകർ ഐ.എ.എസ്
സ്പെഷ്യൽ സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ആരോഗ്യ വകുപ്പ്, തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ( എ & ഇ /ജി & എസ്സ് എസ്സ് എ ),കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Jasmin Thomas

സെക്ഷൻ ഓഫീസർ